## സിംഹാസനത്തിൽ ഇരിക്കുന്ന കുഞ്ഞാട്-ദൈവം

**I. നഗരത്തിനുള്ളിൽ കുഞ്ഞാടായ ദൈവം സിംഹാസനത്തിൽ ഇരിക്കുന്നു**

- ഇത് ദൈവവും കുഞ്ഞാടും ഒന്നാണെന്ന്—കുഞ്ഞാട്-ദൈവം, വീണ്ടെടുക്കുന്ന ദൈവം, വീണ്ടെടുപ്പുകാരനായ ദൈവമാണെന്ന്—സൂചിപ്പിക്കുന്നു
- ഇത് എങ്ങനെയാണ് ത്രിയേക ദൈവം—ദൈവം, കുഞ്ഞാട്, ജീവജലത്താൽ ചിത്രീകരിക്കപ്പെടുന്ന ആത്മാവ്—തന്റെ തലയായ്മയിൻ കീഴിൽ (സിംഹാസനത്തിന്റെ അധികാരത്തിൽ വിവക്ഷിച്ചിരിക്കുന്നു) നിത്യതയോളം തന്റെ വീണ്ടെടുക്കപ്പെട്ടവരിലേക്ക് തന്നെത്തന്നെ പകരുന്നതെന്ന് ചിത്രീകരിക്കുന്നു

## നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രം

**II. നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രം സിംഹാസനമാണ്**

- നമ്മുടെ ദൈനംദിന ജീവിതത്തിലും, കുടുംബ ജീവിതത്തിലും, വിവാഹ ജീവിതത്തിലും, തൊഴിൽ ജീവിതത്തിലും, സഭാ ജീവിതത്തിലും കേന്ദ്രം ദൈവത്തിന്റെ സിംഹാസനമായിരിക്കണം; എല്ലാ കാര്യങ്ങളും അവന്റെ തലയായ്മയ്ക്ക് കീഴ്പ്പെട്ടിരിക്കണം
- നമ്മുടെ അനുഭവത്തിൽ, അവനെ നമ്മുടെ തലയായി എടുത്തുകൊണ്ട്, നാം നമ്മെത്തന്നെ ത്രിയേക ദൈവത്തിന് കീഴ്പ്പെടുത്തുമ്പോഴെല്ലാം, നമ്മുടെ ഉള്ളിൽ ഒരു ഒഴുക്ക് നാം ആസ്വദിക്കുന്നു; നിർണയിച്ച ദൈവത്തോടുകൂടെയും, വീണ്ടെടുത്ത കുഞ്ഞാടിനോടുകൂടെയും, ഇപ്പോൾ സർവവും ഉൾക്കൊള്ളുന്ന, പ്രക്രിയാവിധേയനായ, ജീവൻ നൽകുന്ന ആത്മാവായ ആത്മാവിനോടുകൂടെയും നദി ഒഴുകുന്നു

## സ്വർഗ്ഗത്തിലെ സിംഹാസനം ഭൂമിയിലേക്ക് പ്രസരണം ചെയ്യപ്പെടുന്നതിനുള്ള വഴി

**III. നമ്മുടെ ആത്മികാനുഭവത്തിലെ കൊടുമുടി ഒരു തെളിഞ്ഞ ആകാശത്തിനു മുകളിൽ ദൈവത്തിന്റെ സിംഹാസനം സ്ഥിതി ചെയ്യുന്നതാണെന്ന് യെഹെസ്കേൽ 1 വെളിപ്പെടുത്തുന്നു; ഈ ഉന്നത തലത്തിൽ എത്തുക എന്നതിനർഥം നാം എല്ലാത്തിലും ദൈവത്തിന് സർവോൽകൃഷ്ടത ഉണ്ടായിരിക്കുവാൻ അനുവദിക്കുകയും അവന്റെ അധികാരത്തിനും ഭരണനിർവഹണത്തിനും പൂർണമായി കീഴ്പ്പെട്ടിരിക്കുകയും ചെയ്യുന്നു എന്നാണ്**

- ജീവികളുടെ തലയ്ക്കു മീതെയുള്ള ആത്മിക ആകാശം ഭയങ്കരമായൊരു പളുങ്കിന്റെ വലിയ വിതാനം പോലെ, സ്ഫടിക സ്വച്ഛമാണ്; കൂടാതെ, ഈ ആകാശം വികസിച്ചുകൊണ്ടിരിക്കുന്നു, അത് പളുങ്കുപോലെ സ്ഥിരതയുള്ളതും മാറ്റമില്ലാത്തതുമാണ്
- അത്തരമൊരു സാഹചര്യത്തിൽ, നമുക്കും ദൈവത്തിനും ഇടയിൽ യാതൊന്നുമില്ല, നമുക്കു പരസ്പരവും യാതൊന്നുമില്ല; നമുക്ക് കർത്താവുമായും അന്യോന്യവും സമഗ്രവും വ്യക്തവുമായ ഒരു കൂട്ടായ്മയുണ്ട്
- ഇതിന് ദൈവത്തോടും മനുഷ്യരോടും ഒരു കുറ്റവുമില്ലാത്ത നിർമല മനസ്സാക്ഷി നിലനിർത്തേണ്ടത് ആവശ്യമാണ്; നമ്മുടെ ആകാശത്തിന്റെ സ്ഥിതി നമ്മുടെ മനസ്സാക്ഷിയുടെ സ്ഥിതിയാണ്
- സിംഹാസനം ക്രിസ്തുവിന്റെ ഭരണസാന്നിധ്യമാണ്
  - കർത്താവിന്റെ സിംഹാസനം മൂന്നാം സ്വർഗത്തിലും നമ്മുടെ ആത്മാവിലും ആണ്.
  - ഇന്ന് നമ്മുടെ ആത്മാവ് സ്വർഗത്തിന്റെ വാതിലാണ്. കർത്താവിന്റെ സിംഹാസനം തൊടുവാൻ നാം നമ്മുടെ ആത്മാവിലേക്ക് തിരിയണം
  - സിംഹാസനം ദൈവം നമ്മിൽ തന്റെ നിത്യോദ്ദേശ്യം നിറവേറ്റുന്നതിനുംകൂടിയാണ്

**IV. സിംഹാസനത്തിലിരിക്കുന്നവന് മനുഷ്യസാദൃശ്യമുണ്ടെന്നും, എങ്കിലും അവന് യഹോവയുടെ തേജസ്സിന്റെ പ്രത്യക്ഷതയുണ്ടെന്നും യെഹെ 1 വെളിപ്പെടുത്തുന്നു, സിംഹാസനത്തിൽ ഇരിക്കുന്നവൻ ദൈവവും മനുഷ്യനുമാണെന്ന് ഇത് സൂചിപ്പിക്കുന്നു; ഇത് ദൈവത്തിന്റെയും മനുഷ്യന്റെയും ഇഴുകിച്ചേരലായ, ദൈവമനുഷ്യനായ യേശു ക്രിസ്തുവാണ്**

- മനുഷ്യനോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ മാർമികമായ ഉദ്ദേശ്യം, മനുഷ്യനുമായി തന്നെത്തന്നെ ഇഴുകിച്ചേർക്കുകയും അങ്ങനെ മനുഷ്യനെപ്പോലെതന്നെയാകയും, മനുഷ്യനെ ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിലും ആവിഷ്കാരത്തിലും തന്നെപോലെ തന്നെ ആക്കുകയും ചെയ്യുക എന്നതാണ്
  - സിംഹാസനത്തിലിരിക്കുന്നവനും നാല് ജീവികൾക്കും ഒരേ മനുഷ്യസാദൃശ്യമാണുള്ളത്, ഭൂമിയിലെ നാല് ജീവികൾ സിംഹാസനത്തിലിരിക്കുന്നവന്റെ ആവിഷ്കാരമാണെന്ന് ഇത് സൂചിപ്പിക്കുന്നു

**V. സിംഹാസനത്തിലിരിക്കുന്ന മനുഷ്യസാദൃശ്യത്തിന് രണ്ട് വശങ്ങളുണ്ടെന്ന് യെഹെസ്കേൽ 1 പറയുന്നു: അവന്റെ അര മുതൽ മേലോട്ട് ശുക്ലസ്വർണത്തിന്റെ രൂപവും, അര മുതൽ കീഴോട്ട് തീയുടെ രൂപവും ആകുന്നു**

- ശുക്ലസ്വർണം, കുഞ്ഞാട്-ദൈവത്തെ, വീണ്ടെടുക്കുന്ന ദൈവത്തെ സൂചിപ്പിക്കുന്നു
- മുകൾഭാഗം അവന്റെ പ്രകൃതത്തെയും സഹജസ്വഭാവത്തെയും സൂചിപ്പിക്കുന്നു
- തീയുടെ രൂപം ദൈവത്തിന്റെ ജ്വലിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന ശക്തിയോടുകൂടിയ തന്റെ നീക്കത്തെ സൂചിപ്പിക്കുന്നു
- ദഹിപ്പിക്കുന്ന അഗ്നിയായകർത്താവ് എല്ലാ പ്രതിലോമ കാര്യങ്ങളും നമ്മിൽനിന്ന് ദഹിപ്പിച്ചുകളഞ്ഞശേഷം, നമ്മിൽ ശേഷിക്കുന്നത് ശുക്ലസ്വർണം, വീണ്ടെടുക്കുന്ന ദൈവം ആയിരിക്കും.

**VI. സിംഹാസനത്തിൽ ഇരിക്കുന്ന മനുഷ്യനു ചുറ്റും പ്രകാശം പോലെ ഒരു മഴവില്ല് ഉണ്ടെന്ന് യെഹെ. 1 പറയുന്നു, അത് സിംഹാസനത്തിലിരിക്കുന്ന കർത്താവിന് ചുറ്റുമുള്ള പ്രതാപത്തെയും തേജസ്സിനെയും സൂചിപ്പിക്കുന്നു**

- മഴവില്ല്, തന്റെ ഉടമ്പടി പാലിക്കുന്നതിൽ ദൈവം വിശ്വസ്തത പുലർത്തുന്നതിന്റെ അടയാളമായിരുന്നു
- ഒരു മഴവില്ല് മൂന്ന് അടിസ്ഥാന നിറങ്ങളാൽ ഉൽപ്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കാം—ചുവപ്പ്, മഞ്ഞ, നീല: തീയുടെ നിറമായ ചുവപ്പ് ദൈവത്തിന്റെ വിശുദ്ധിയെ സൂചിപ്പിക്കുന്നു; ശുക്ലസ്വർണത്തിന്റെ നിറമായ മഞ്ഞ ദൈവത്തിന്റെ തേജസ്സിനെ സൂചിപ്പിക്കുന്നു; നീലരത്നം കൊണ്ടുള്ള സിംഹാസനത്തിന്റെ നിറമായ നീല ദൈവത്തിന്റെ നീതിയെ സൂചിപ്പിക്കുന്നു
  - വിശ്വാസികളായ നാം ഇപ്പോൾ ക്രിസ്തുവിലായതിനാൽ, ദൈവത്തിന്റെ ദൃഷ്ടിയിൽ നീതി, വിശുദ്ധി, തേജസ്സ് എന്നീ നിലകളിൽ നാം ക്രിസ്തുവിന്റെ പ്രത്യക്ഷത വഹിക്കുന്നു
  - യെഹെ. 1-ൽ കാണുന്നതുപോലെ, ക്രിസ്തീയ ജീവിതവും സഭാ ജീവിതവും ഇങ്ങനെയുള്ള ഒരു മഴവില്ലിൽ പര്യവസാനിക്കും; ആ ഘട്ടത്തിൽ ദൈവത്തിന്റെ നിത്യ പദ്ധതി പൂർത്തിയാക്കപ്പെടും